**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2779** **03-08-2021 - ൽ മറുപടിയ്ക്ക്**

**കശുമാങ്ങയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കശുമാങ്ങയിൽ നിന്നും വ്യവസായികാടിസ്ഥാനത്തിൽ മൂല്യ വർദ്ധിത ഉൽപ്പന്നം ഉണ്ടാക്കി വിപണനം ചെയ്യാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ കശുമാങ്ങയിൽ നിന്നും ഒരു കാർബണേറ്റഡ് പാനീയം പ്ലാൻറേഷൻ കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപാദിപ്പിച്ച്, 'ഒസ്സിയാന' എന്ന ബ്രാൻഡ് നെയിമിൽ വിപണനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ ഉൽപ്പന്നം വിപണിയിൽ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ കശുമാങ്ങയിൽ നിന്നും ഒരു കാർബണേറ്റഡ് പാനീയം പ്ലാൻറേഷൻ കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപാദിപ്പിച്ച്, 'ഒസ്സിയാന' എന്ന ബ്രാൻഡ് നെയിമിൽ വിപണനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2019-20 വർഷം 300 mlന്റെ 75,000 ബോട്ടിലുകൾ വിപണനം നടത്താൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കോവിഡ് മഹാമാരി മൂലം ആവശ്യത്തിന് കശുമാങ്ങാപ്പഴം ശേഖരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിട്ടതിനാൽ, 39,422 എണ്ണം ബോട്ടിലുകൾ മാത്രമേ ഉൽപാദിപ്പിച്ചുള്ളൂ. 300 mlന്റെ നാലു ലക്ഷം ബോട്ടിലുകൾ ആർ.കെ.വി.വൈ പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നതോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ